"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാ-ശിശു വികസന വകുപ്പ് - തൃശ്ശൂർ ജില്ലയിലെ നസ്രുൽ ഇസ്ലാം ഓർഫനേജ് ആൻഡ് ഡെസ്റ്റിട്യൂട്ട് പ്രൊട്ടക്ഷൻ സെന്റർ എന്ന ശിശു സംരക്ഷണ സ്ഥാപനത്തിന്റെ ജെ. ജെ. രജിസ്ട്രേഷൻ റദ്ദ് ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ-ശിശു വികസന വകുപ്പ്**

സ.ഉ.(സാധാ) നം.221/2026/WCDD തീയതി,തിരുവനന്തപുരം, 27-06-2026

---

പരാമർശം:- വനിത ശിശുവികസന വകുപ്പ് ഡയറക്ടറുടെ 18.03.2026ലെ DWCD/949/2026-ICPS 9 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ കടപ്പുറം അഞ്ചങ്ങാടിയിലുള്ള 'നസ്രുൽ ഇസ്ലാം ഓർഫനേജ് ആൻഡ് ഡെസ്റ്റിട്യൂട്ട് പ്രൊട്ടക്ഷൻ സെന്റർ' എന്ന ശിശു സംരക്ഷണ സ്ഥാപനത്തിന് 100 കുട്ടികളെ സംരക്ഷിക്കുന്നതിനായി ചിൽഡ്രൻസ് ഹോം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 132/2017 നമ്പരായി 26.12.2017ൽ ജെ ജെ രജിസ്ട്രേഷൻ അനുവദിച്ചിരുന്നു. ടി രജിസ്ട്രേഷന്റെ കാലാവധി 2022 ഡിസംബർ 26-ന് അവസാനിച്ചിരുന്നു. തുടർന്ന് ടി സ്ഥാപനത്തിന്റെ ജെ.ജെ രജിസ്ട്രേഷൻ പുതുക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ സ്ഥാപനത്തിന്റെ പ്രവർത്തനം നിർ ത്തിയിട്ടുള്ളതാണെന്നും, തൃശ്ശൂർ ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ (CWC) ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥാപനത്തിലുണ്ടായിരുന്ന കുട്ടികളെ സുരക്ഷിതമായി മറ്റ് കേന്ദ്രങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ചിട്ടുള്ളതായി ജില്ലാതല ഇൻസ്പെക്ഷൻ കമ്മിറ്റിയുടെ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ് എന്നും മേൽ സാഹചര്യത്തിൽ സ്ഥാപനത്തിന്റെ ജെ. ജെ. രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് പരാമർശം പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പ്രതിപാദിച്ചിട്ടുള്ള വസ്തുതകൾ കണക്കിലെടുത്തു ,തൃശ്ശൂർ ജില്ലയിലെ നസ്രുൽ ഇസ്ലാം ഓർഫനേജ് ആൻഡ് ഡെസ്റ്റിട്യൂട്ട് പ്രൊട്ടക്ഷൻ സെന്ററിന് അനുവദിച്ചിരുന്ന 132/2017 നമ്പർ ജെ ജെ രജിസ്ട്രേഷൻ റദ്ദ് ചെയ്തു ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

പകർപ്പ്-

1. ഡയറക്ടർ, വനിതാ ശിശു-വികസന വകുപ്പ്, തിരുവനന്തപുരം.

2. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, തൃശ്ശൂർ.

3. വെബ് & ന്യൂ മീഡിയ

4. ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Hena. R Raj**
**Date: 29-06-2026 11:37:37**
സെക്ഷൻ ഓഫീസർ